**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 116** **12-10-2026-ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. സി. അജയപ്രസാദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഉരുൾപൊട്ടലുകൾ, തീരശോഷണം, മുണ്ടക്കൈ-ചൂരൽമലയിലെ ദുരന്തം, വെള്ളപ്പൊക്കങ്ങൾ എന്നിങ്ങനെ കഴിഞ്ഞ ദശകത്തിൽ കേരളം നേരിട്ട നിരവധി വിനാശകരമായ പ്രകൃതി ദുരന്തങ്ങൾ ശാസ്ത്രീയമായ തയ്യാറെടുപ്പിന്റെയും മുൻകരുതലിന്റെയും അനിവാര്യത വെളിപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** തുടർച്ചയായി സംസ്ഥാനത്തുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ, തീരശോഷണം 2024 ൽ ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തം എന്നിവ ശാസ്ത്രീയമായ തയ്യാറെടുപ്പിന്റെയും മുൻകരുതലിന്റെയും അനിവാര്യത വെളിപ്പെടുത്തുന്നു. ഇതിനായി AI അടക്കമുള്ള സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിലെ സംവിധാനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതിയുണ്ട്.

**(ബി)** പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ് നൽകുന്നതിലും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും നഷ്ടപരിഹാരം യഥാസമയം വിതരണം ചെയ്യുന്നതിലും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** കേന്ദ്ര കാലാവസ്ഥാ-ദുരന്ത മുന്നറിയിപ്പ് ഏജൻസികൾ ലഭ്യമാക്കുന്ന തീവ്രവും അതിതീവ്രവുമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി വിവിധ ആശയവിനിമയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ദുരന്തസാഹചര്യങ്ങളിൽ കേന്ദ്ര സേനകൾ, ദേശീയ ദുരന്ത പ്രതികരണ സേന, അഗ്നിരക്ഷാസേന, പോലീസ്, ആപ്ത മിത്ര സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ ഏകോപനം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്.

ദുരന്തബാധിതർക്കുള്ള നഷ്ടപരിഹാരവും ധനസഹായവും നിലവിലുള്ള സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും അനുസരിച്ച് വിതരണം ചെയ്തുവരുന്നു. പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** മുൻ സർക്കാർ നടപ്പിലാക്കിയ പ്രകൃതിദുരന്ത നിവാരണ സംവിധാന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പ്രകൃതിദുരന്ത നിവാരണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** AI അടക്കമുള്ള സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിലെ സംവിധാനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പദ്ധതിയുണ്ട്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന 'കേരള ഡിസാസ്റ്റർ റെസീലിയൻസ് സെന്റർ' ദുരന്തനിവാരണ രംഗത്തെ ശാസ്ത്രീയ വൈദഗ്ധ്യം, സാങ്കേതിക കഴിവുകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത തയ്യാറെടുപ്പ് എന്നിവ ഒരൊറ്റ ചട്ടക്കൂടിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ്.

**(ഡി)** സംസ്ഥാനത്ത് മിന്നൽപ്രളയം പതിവായ സാഹചര്യത്തിൽ പ്രാദേശിക കാലാവസ്ഥാ ഡേറ്റയുടെ അഭാവവും ജലാശയങ്ങളുടെ ആഴക്കുറവും വെള്ളം ഒഴുകാൻ ഇടമില്ലാത്തതും പ്രതിസന്ധി രൂക്ഷമാക്കുന്നു എന്നത് വിലയിരുത്തിയിട്ടുണ്ടോ; ഓരോ പ്രദേശത്തെയും കാലാവസ്ഥാ ഡേറ്റ ലഭിക്കാത്തതിനാൽ പ്രാദേശിക പ്രവചനം പരാജയപ്പെടുന്നത് ഒഴിവാക്കാൻ കൂടുതൽ റഡാറുകളും ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും സ്ഥാപിച്ച് ഡേറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് Bureau of Indian Standards അനുസരിച്ച് 256 മഴ മാപിനികൾ ആണ് ആവശ്യം. നിലവിൽ ചുവടെ ചേർക്കുന്ന എണ്ണം നിരീക്ഷണ സംവിധാനങ്ങൾ കേരളത്തിൽ ലഭ്യമാണ്.

Automatic Weather Stations & Rain Gauges - 361

River Gauges – 39

UV Radio Meters – 14

C-Band Radar – 2

X-Band Radar - 1

സംസ്ഥാനത്ത് മിന്നൽപ്രളയ സാധ്യതകൾ ലഘൂകരിക്കുന്നതിനും പ്രാദേശിക കാലാവസ്ഥാ നിരീക്ഷണവും മുന്നറിയിപ്പ് സംവിധാനവും ശക്തിപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ പുതിയ റഡാർ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ട് ആധുനിക റഡാറുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്, KSDMA, ഉന്നതവിദ്യാഭ്യാസ വകുപ്പ്, കേരള സർവകലാശാല, കോഴിക്കോട് സർവകലാശാല എന്നിവരുമായി ചർച്ചകൾ നടന്നുവരുന്നു.

വയനാട് കേന്ദ്രീകരിച്ച് സൂക്ഷ്മതല കാലാവസ്ഥാ നിരീക്ഷണ ശേഷി വർധിപ്പിക്കുന്നതിനായി 300-ഓളം ആധുനിക നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ, മുന്നറിയിപ്പുകൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി KaWaCHaM സംവിധാനത്തിന്റെ ഭാഗമായി ആലപ്പുഴ, വയനാട് ജില്ലകളിൽ അഞ്ച് വീതം അധിക സൈറണുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

12.08.2026-ന് മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ട മന്ത്രിമാരുടെയും വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പങ്കാളിത്തത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ

പ്രളയസാഹചര്യങ്ങൾ ലഘൂകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പും ദുരന്ത നിവാരണ വകുപ്പും ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**